അൺഎയിഡഡ് അൺറെക്കഗ്നൈസ്ഡ് സ്കൂളുകളിൽ പഠിച്ചിരുന്നവരും 2000-2001 അദ്ധ്യായന വർഷത്തിൽ സർക്കാർ-എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ ചേർന്നു പഠിക്കാനാഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികളെ എലിജിബിലിറ്റി ടെസ്റ്റിനു വിധേയമാക്കിയ ശേഷം അവരുടെ വയസ്സ് മാനദണ്ഡമാക്കി 5,6,7 ക്ളാസുകളിൽ അഡ്മിഷൻ തേടാൻ അനുവദിച്ചുകൊണ്ട് 31-5-2000 തീയതിയായി ജി.ഒ(പി)നം.177/2000/പൊ.വി. എന്ന മറ്റൊരുത്തരവും സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. രണ്ടുത്തരവുകളുടേയും കോപ്പി ഉള്ളടക്കം ചെയ്യുന്നു.*

(ബി) അംഗീകാരമില്ലാത്ത അൺഎയിഡഡ് സ്കൂളുകൾ ഡിപ്പാർട്ടുമെന്റിന്റെ അധികാര പരിധിയിൽപ്പെടാത്തതിനാൽ ഇതു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) നിലവിലുള്ള സർക്കാർ എയിഡഡ് അൺറെക്കഗ്നൈസ്ഡ് സ്കൂളുകൾക്ക് എല്ലാ കുട്ടികളെയും ഉൾക്കൊള്ളാനാകും എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) ഇതു സംബന്ധിച്ച് കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ഇ) അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കപ്പെട്ടിട്ടില്ല.

ഡി. പി. ഇ. പി. ക്കു ലഭിക്കുന്ന സഹായം

30(430) ശ്രീ. ബി. വിജയകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.പി.ഇ.പി. നടപ്പാക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ ലഭിച്ചു ;

(ബി) അവ എവിടെ നിന്ന് എന്ന് വ്യക്തമാക്കുമോ ; എന്ത് തുകയുടെ സഹായം ലഭിച്ചു ;

(സി) ഇതിൽ തിരിച്ചു കൊടുക്കേണ്ടതും തിരിച്ചു കൊടുക്കേണ്ടതല്ലാത്തതുമായ തുക എത്ര വീതമാണ് ;

(ഡി) തിരിച്ചു കൊടുക്കേണ്ട തുക നൽകുന്നതിനുള്ള വ്യവസ്ഥകൾ വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിന് ലഭിച്ച സഹായം ഏതെല്ലാം വിധത്തിൽ ചെലവഴിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഹ്) ഓരോ മേജർ ഇനത്തിനും വേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഡി.പി.ഇ.പി. നടപ്പാക്കുന്നതിനുള്ള സഹായം എന്നുവരെ ലഭിക്കും ;

(എച്ച്) ഈ പദ്ധതി തുടർന്നുകൊണ്ടുപോകുവാൻ പ്രതിവർഷം എന്ത് തുക ചെലവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഐ) ഈ തുക എപ്രകാരം സ്വരൂപിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയാണ് കേരളത്തിൽ ഡി.പി.ഇ.പി. നടപ്പിലാക്കുന്നത്. 85:15 എന്ന അനുപാതത്തിലാണ് യഥാക്രമം കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ധനസഹായം ലഭിക്കുന്നത്. കേന്ദ്രസഹായമായി 97.862 കോടി രൂപയും സംസ്ഥാന സഹായമായി 12.234 കോടി രൂപയുമാണ് ഇതുവരെ ലഭിച്ചത്.

(സി&ഡി) ഡി.പി.ഇ.പി. കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം ഗ്രാന്റ് ആയിട്ടാണ് ലഭിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാർ ഇത് തിരിച്ചടക്കേണ്ടതില്ല.

(ഇ) 31-3-2000 വരെയുള്ള കണക്കനുസരിച്ച് മൊത്തം 103.86 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. മൊത്തം ചെലവിന്റെ 24% നിർമ്മാണ പ്രവർത്തനങ്ങൾക്കും 6% ഭരണ നിർവ്വഹണത്തിനും ബാക്കി 70% അധ്യാപക പരിശീലനത്തിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.

(എഫ്) 31-3-2000 വരെ ആകെ ചെലവഴിച്ച 10386 ലക്ഷം രൂപയിൽ 1067.30 ലക്ഷം രൂപ പ്രോജക്ട് മാനേജ്മെന്റ് ഇനത്തിലും, 2578.63 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാക്കി തുകയായ 6740.07 ലക്ഷം രൂപ അദ്ധ്യാപക പരിശീലനത്തിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിച്ചിട്ടുള്ളത്.

(ജി) ഡി. പി. ഇ. പി. ഒന്നാം ഘട്ടം 30-9-2001 ലും, രണ്ടാം ഘട്ടം 31-12-2002-ലും അവസാനിക്കും. ആയതിനാൽ പ്രസ്തുത തീയതിവരെ സഹായം ലഭിക്കുന്നതാണ്.

(എച്ച്&ഐ) കാലാവധിക്കു ശേഷവും പദ്ധതി തുടർന്ന് കൊണ്ടുപോകുവാനുള്ള നടപടികൾ പരിഗണനയിലാണ്. കൃത്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ല.

ഡി. പി. ഇ. പി. നടപ്പിലാക്കിയ സ്കൂളുകൾ

31(431) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly